**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്ത് - 2011-12, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം.278/16/തസ്വഭവ.** **തിരുവനന്തപുരം,തീയതി:25/01/2016**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ എം3-10063/05 നമ്പർ 31/03/2015-ലെ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/07/2015-ലെ I F/7554/പിറ്റി1/2015 നമ്പർ കത്ത്.

### ഉത്തരവ്

പത്തനം തിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10 പ്രകാരം ബാലസഭയ്ക്ക് പഠനയാത്ര എന്ന പദ്ധതിയനുസരിച്ച് സർക്കാര് മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ചെലവുചെയ്ത 20, 000/- (ഇരുപതിനായിരം രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തുകയും നഷ്ടോത്തരവാദികളായ വി-ഇ-ഒ,പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു .

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 24-07-2014 ലെ 2..ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, എന്നിവയുടെ അടിസ്ഥാനത്തിൽ 2011-12, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10 പ്രകാരം പത്തനം തിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന്റെ മുൻകൂർഅനുമതി കൂടിയേ ഭാവിയിൽ ഇത്തരത്തിൽ

ചെലവുചെയ്യാവൂ എന്ന നിർദ്ദേശത്തോടെ സർക്കാർ സാധൂകരണം നൽകാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി പദ്ധതി കുട്ടികളുടെ ഉന്നമനത്തിനായി പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ പദ്ധതിയാണ്. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പത്തനം തിട്ട ജില്ലയിലെ നെട്ടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-2013 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുത് എന്ന താക്കീതോടെ സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
സെക്രട്ടറി, നെട്ടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ